പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3492 11-12-2018-ലെ മറുപടിയ്ക്ക്

**കോതമംഗലം മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയത്തിന്റെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ ഉണ്ടായ കൃഷിനാശം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) & (ബി) | ഉണ്ട്. പ്രളയത്തിന്റെ ഭാഗമായി കൃഷി ഭവൻ തിരിച്ചുള്ള കണക്ക് ലഭ്യമാണ്. ആകെ 1,47,16,321/- രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലുണ്ടായ കൃഷിനാശം വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; ഓരോ വില്ലേജിലും എത്ര തുകയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത മണ്ഡലത്തിലെ കൃഷിനാശം സംഭവിച്ച മുഴുവൻ പേർക്കും നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | പ്രളയത്തിന്റെ ഭാഗമായി 50,000/- രൂപയിൽ താഴെ കൃഷിനാശം സംഭവിച്ച മുഴുവൻ കർഷകർക്കും നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുണ്ട്. 50,000/- രൂപയ്ക്ക് മുകളിലുള്ള നഷ്ടപരിഹാരത്തിനുള്ള അപേക്ഷകളിൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (ഡി) | അതിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് ഇൻഷ്വറൻസ് തുക വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | വിതരണം ചെയ്തിട്ടുണ്ട്. 14,23,700/- രൂപ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ഇ) | പ്രസ്തുത മണ്ഡലത്തിലെ നഷ്ടപരിഹാര തുകയുടെ വിതരണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | ഉപധനാഭ്യർത്ഥന/ അഡീഷണൽ ഓതറൈസേഷൻ വഴി ഫണ്ട് ലഭ്യമാക്കി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**